# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
മേയ് 16, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## സസ്ഥാനത്തിനകത്തെ ചരക്ക് നീക്കത്തിന് ഈ-വേബിൽ നിബന്ധനയിൽ ഇളവ്.

തിരുവനന്തപുരം: സസ്ഥാനത്തിനകത്തെ ചരക്ക് നീക്കത്തിന് ഈ-വേബിൽ നിബന്ധനകളിൽ വ്യക്തത വരുത്തി സസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഉത്തരവിറക്കി.

ഉത്തരവ് പ്രകാരം സസ്ഥാനത്തിനകത്ത് സ്വന്തം ആവശ്യത്തിന് അംഗീകൃത വ്യാപാരിയിൽ നിന്ന് വാങ്ങുന്ന ചരക്കുകൾ 25 കിലോമീറ്റർ പരിധിയിൽ നടത്തുന്ന ചരക്ക് നീക്കത്തിന് ഈ-വേബിൽ ആവശ്യമില്ല. ഇതിന് ജി.എസ്.ടി. നിയമം വകുപ്പ് 31 പ്രകാരം വ്യാപാരി നൽകുന്ന ഇൻവോയ്സ് മാത്രം മതിയാകും. എന്നാൽ കച്ചവട ആവശ്യത്തിനുള്ള ചരക്ക് നീക്കത്തിന് ഇളവ് ബാധകമല്ല. 25 കിലോമീറ്റർ പരിധിക്ക് മുകളിൽ 50000 രൂപയിൽ അധികം മൂല്യമുള്ള ചരക്ക് നീക്കമാണെങ്കിൽ സ്വന്തം ആവശ്യത്തിനാണെങ്കിലും ഇ-വേബിൽ നിർബന്ധമാണ്.

സംസ്ഥാനത്തിനകത്തെ കർഷകരിൽ നിന്ന് നേരിട്ട് വാങ്ങുന്ന റബ്ബർ ലാറ്റക്സ്, റബ്ബർ ഷീറ്റ്, റബ്ബർ സ്ക്രാപ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയും ഇ-വേബിൽ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിന് കേരളാ ജി.എസ്.ടി റൂൾ 2017 ലെ റൂൾ 55

പ്രകാരമുള്ള ഡെലിവറി ചെല്ലാനോ, കേരള ജി.എസ്.റ്റി നിയമ പ്രകരമുള്ള ഇൻവോയിസോ ഉപയോഗിക്കാം.

സംസ്ഥാനത്തിനകത്ത് വാൻ സെയിൽസ് നടത്തുന്ന രജിസ്റ്റേഡ് വ്യാപാരികളെയും ഇ–വേബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇവർ വാൻ സെയിൽസ് നടത്തുമ്പോൾ സംസ്ഥാന ജി.എസ്.ടി. റുൾ 56(18) പ്രകാരമുള്ള രേഖകൾ വാനിൽ സൂക്ഷിക്കണം. കൂടുതൽ വിവരങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ നോട്ടിഫിക്കേഷൻ നമ്പർ 3/2018 ൽ ലഭ്യമാണ്.